## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2037 — 7/07/2015-ൽ മറുപടിക്ക്**

## പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുവണ്ണാമൂഴി ചെറുകിട ജല വൈദ്യുത പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്ക് 6/01/2011-ൽ വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് 3/02/2011-ൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ആവശ്യപ്പെട്ട് സർക്കാരിലേക്ക് കത്ത് നൽകിയിരുന്നെങ്കിലും ഇത് സംബന്ധിച്ച് ജലസേചന വകുപ്പുമായി ഏർപ്പെടേണ്ട ഉഭയകക്ഷി കരാറിൽ ഏർപ്പെടാത്തതിനാൽ സർക്കാരിന്റെ ഭരണാനുമതി നൽകിയില്ല. 17/07/2013-ൽ വൈദ്യുത വകുപ്പ് മന്ത്രിയും, ജലസേചന വകുപ്പ് മന്ത്രിയും തമ്മിൽ നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെ കരട് കെ.എസ്.ഇ.ബി 13/02/2014-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. പിന്നീട് പുതുക്കിയ ഒരു കരാറിന്റെ കരട് സർക്കാരിൽ നിന്നും ബോർഡിന്റെ അഭിപ്രായത്തിനു വേണ്ടി നൽകുകയുണ്ടായി. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകളിൽ ചിലത് ബോർഡിന് സ്വീകാര്യമല്ലാത്തതിനാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ധാരണ ആയതിനു ശേഷം സർക്കാരിനെ അറിയിക്കാനാണ് ബോർഡ് തീരുമാനിച്ചത്. എന്നാൽ ഇതു സംബന്ധിച്ച ചർച്ച ഇതുവരെ പ്രാവർത്തി |

കമാകാത്തതിനാൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

ബോർഡ് 2011-ൽ നൽകിയ ഭരണാനുമതി 2010-ലെ പൊതുമരാമത്ത് വകുപ്പ് നിരക്കിന്റെ അടിസ്ഥാനത്തിലായിരുന്നു. 18/05/2015-ൽ CPWD-2014 നിരക്കിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നതിന് കാരണങ്ങൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ?

<u>(ബി) യും (സി)യും.</u>

ഇല്ല. പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യം സർക്കാരിൽ നിന്നും പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകേണ്ടതുണ്ട്. കൂടാതെ പദ്ധതിയ്ക്കാവശ്യമായ സ്വകാര്യ ഭൂമി, ജലസേചന വകുപ്പിന്റെ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ ജലസേചന വകുപ്പും ബോർഡുമായി ഒരു ഉഭയകക്ഷി കരാറിൽ ഏർപ്പെടേണ്ടതും ഉണ്ട്.

**സെക്ഷൻ ഓഫീസർ**